(എഫ്) 1-1-2000-ലെ അസംബ്ലി വോട്ടർ പട്ടിക വാർഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. വാർഡുകൾ പുനർനിർണയം നടത്തിയതിനാൽ പ്രസ്തുത വോട്ടർ പട്ടിക അടിസ്ഥാന രേഖയായി സ്വീകരിച്ച്, വാർഡ് പുനർനിർണയത്തിനുശേഷം നിലവിൽ വന്ന പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകൾ അനുസരിച്ച് ക്രമീകരിച്ചാൽ മാത്രമേ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ അപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.

എൻട്രൻസ് ഉത്തര സൂചികയിലെ തിരുത്തൽ

24(*114) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ ഉത്തര സൂചിക എത്ര പ്രാവശ്യം പ്രസിദ്ധീകരിച്ചു ;

(ബി) ഈ ഉത്തര സൂചിക ഒന്നിലധികം പ്രാവശ്യം പ്രസിദ്ധീകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) രണ്ടാമത് പ്രസിദ്ധീകരിച്ച ഉത്തര സൂചികയിലും എൻട്രൻസ് പരീക്ഷയുടെ ചോദ്യത്തിലും തെറ്റുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മേൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) രണ്ട് പ്രാവശ്യം.

(ബി) ആദ്യം ഉത്തര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചപ്പോൾ വിവിധ വെർഷൻ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അതാത് വെർഷനുകളുടെ സൂചികകളുമായി ക്രമീകരിച്ചപ്പോൾ മാറിപ്പോവുകയും ശരിയായ സൂചിക വീണ്ടും പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്.

(സി&ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ക്രോഡീകരിച്ച് വിദഗ്ദ്ധ സമിതിക്ക് കൊടുത്ത് പരാതി സംബന്ധിച്ചുള്ള നിജസ്ഥിതി അറിയാനുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സ് അനുവദിച്ചതിലുള്ള അപാകത

25(*115) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്വകാര്യ സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചതിൽ അപാകതയുണ്ടെന്ന് വിവിധ പിന്നോക്ക സംഘടനകളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതി പരിഹരിക്കുവാൻ കൂടുതൽ സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിലെ മാനദണ്ഡം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനദണ്ഡം വ്യക്തമാക്കുന്ന ഗവൺമെന്റ് ഉത്തരവ് നമ്പർ ജി. ഒ(എം.എസ്)107/2000/ജന.എഡ്യു. തീയതി 30-3-2000 എന്ന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

റോഡുവികസനം

26(*116) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വിഭാഗത്തിലും എത്ര കിലോമീറ്റർ റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇതിൽ എത്ര കി.മീ. റോഡുകളുടെ പണിയാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ലോകബാങ്ക് സഹായത്തോടെയുള്ള 'റോഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റന്റ് പ്രോജക്ടി'ന്റെ കീഴിൽ റോഡ് നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പ്രോജക്ടിന്റെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന റോഡുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly